"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ്- ശ്രീമതി ദീപ.എസ്, ശ്രീമതി സംഗീത ടി.പി, എന്നിവരെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിച്ചത് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.16/2023/ENVT തീയതി,തിരുവനന്തപുരം, 04-03-2023

---

പരാമർശം:- 1) കേരള തീരദേശ പരിപാലന അതോറിറ്റി ജോയിന്റ് സെക്രട്ടറിയുടെ 21.06.2022 ലെ 4180/A2//2017/KCZMA നമ്പർ നടപടിക്രമം.

2) കേരള തീരദേശ പരിപാലന അതോറിറ്റി ജോയിന്റ് സെക്രട്ടറിയുടെ 16.11.2022 ലെ 4180/A2//2017/KCZMA നമ്പർ നടപടിക്രമം.

3). കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 28.11.2022 ലെ 4180/A2//2017/KCZMA നമ്പർ കത്ത്.

4) 09.07.2019ലെ സ.ഉ(പി)പി നം. 81/2019 /ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കേരള തീരദേശ പരിപാലന അതോറിറ്റി ജോയിന്റ് സെക്രട്ടറിയുടെ പരാമർശം (1) ലെ നടപടിക്രമം പ്രകാരം ശ്രീമതി ദീപ.എസ് (മണക്കാട്ടിൽ വീട്, കഠിനംകുളം, പുതുക്കുറിച്ചി.പി.ഒ,തിരുവനന്തപുരം -695303), ശ്രീമതി സംഗീത ടി.പി(ഇന്ദിരാ ഭവൻ, പ്ലാവില,ഊരൂട്ടമ്പലം, തിരുവനന്തപുരം -695507), എന്നിവരെ ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ യഥാക്രമം 20.05.2022, 26.05.2022 തീയതിയിൽ 179 ദിവസത്തേയ്ക്ക് താൽകാലികമായി നിയമിച്ചിരുന്നു.തുടർന്ന് ഇവരുടെ സേവന കാലയളവ് 14.11.2022, 20.11.2022 എന്നീ തീയതികളിൽ അവസാനിച്ച സാഹചര്യത്തിൽ, തീരദേശ പരിപാലന അതോറിറ്റിയുടെ ദൈനം ദിന പ്രവർത്തനങ്ങൾ സുഗമമാകുന്നതിന്, അവർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, ശ്രീമതി.ദീപഎസ്, ശ്രീമതി.സംഗീത.ടി.പി, എന്നിവരെ 17.11.2022, 23.11.2022 എന്നീ തീയതികൾ മുതൽ മൂന്ന് മാസത്തേയ്ക്ക് കൂടി ഡേറ്റാ എൻട്രിഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി കേരള തീരദേശ പരിപാലന അതോറിറ്റി ജോയിന്റ് സെക്രട്ടറിയുടെ പരാമർശം (2) ലെ നടപടിക്രമം പ്രകാരം നിയമിക്കുകയുണ്ടായി. ഈ നിയമനം സാധൂകരിക്കണമെന്ന് കേരള തീരദേശ

പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി പരാമർശം (3) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അംഗീകൃത തസ്തികകളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസവേതനനിയമനം മാത്രം വകുപ്പ് മേധാവിക്ക് നടത്തുവുന്നതാണെന്നും തുടർന്ന് നിയമനം ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും പരാമർശം 4 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി ദീപ.എസ് നെ 18.08.2022 തീയതി മുതൽ 14.11.2022 വരെയും, ശ്രീമതി സംഗീത ടി.പി യെ 24.08.2022 തീയതി മുതൽ 20.11.2022 വരെയും താൽകാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ KCZMA യിൽ നിയമിച്ചതും, തുടർന്ന് ഇവരെ യഥാക്രമം 17.11.2022, 23.11.2022 എന്നീ തീയതികൾ മുതൽ മൂന്ന് മാസത്തേയ്ക്ക് കൂടി ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിച്ചതും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ അന്തിമഘട്ടത്തിലാണ്. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാവുന്നതുവരെ, ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഓരോതവണയും 179 ദിവസമായി പരിമിതപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥക്ക് വിധേയമായി ശ്രീമതി ദീപ എസ്., ശ്രീമതി സംഗീത ടി.പി. എന്നിവരുടെ നിയമനം നീട്ടി നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.റ്റി.സന്തോഷ് കുമാർ
അഡിഷണൽ സെക്രട്ടറി

ശ്രീമതി ദീപ എസ്., മണക്കാട്ടിൽ വീട്, കഠിനംകുളം, പുതുക്കുറിച്ചി.പി.ഒ,തിരുവനന്തപുരം -695303.

ശ്രീമതി സംഗീത ടി.പി., ഇന്ദിരാ ഭവൻ, പ്ലാവില,ഊരൂട്ടമ്പലം, തിരുവനന്തപുരം -695507.

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, തീരദേശ പരിപാലന അതോറിറ്റി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ